**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1229** **12-02-2025 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി - എടവണ്ണ സംസ്ഥാനപാത നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. മുഖേന നടപ്പിലാക്കിയ കൊയിലാണ്ടി - എടവണ്ണ സംസ്ഥാനപാത നവീകരണത്തിന്റെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ; പദ്ധതിയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് 01.02.2023ന് നൽകിയിട്ടുണ്ട്. പദ്ധതി നിലവിൽ പൂർത്തിയാക്കിയ തീയതി മുതൽ 5 വർഷത്തെ മെയിന്റനൻസ് കാലയളവിലാണ്. |
| (ബി) | കൊയിലാണ്ടി മുതൽ എരണിമാവ് വരെയുള്ള റീച്ചിൽ നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ ഭരണാനുമതി തുക 225.68 കോടി രൂപയാണ്. അതിൽ 215.3 കോടി രൂപ ഇതുവരെ കരാറുകാരന് നൽകിയിട്ടുണ്ട് |
| (സി) | പ്രസ്തുത പാതനിർമ്മാണത്തിൽ അപാകതയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | പദ്ധതിയെക്കുറിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവ പൊതുമരാമത്ത് വകുപ്പിന്റെ നിരീക്ഷണങ്ങൾക്കൊപ്പം, തകരാറുകൾ പരിഹരിക്കുന്നതിനായി പ്രവൃത്തിയുടെ Supervision consultant വഴി കരാറുകാരനെ അറിയിച്ചിട്ടുണ്ട്. കരാറുകാരൻ പൂർണ്ണമായും പരിഹരിക്കാത്ത പ്രശ്നങ്ങൾ നിലവിലുള്ളതിനാൽ കരാറുടമ്പടി പ്രകാരം Non-compliance നൽകുകയും പരാതികൾ പരിഹരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ